**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3481** **14-07-2022 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | നിയമസഭ സമുച്ചയത്തിലെ മീറ്റിങ് ഹാളിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ തിരൂരങ്ങാടി മണ്ഡലം എം.എൽ.എ. യുടെയും മറ്റ് ജനപ്രതിനിധികളുടെയും സാന്നിധ്യത്തിൽ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് 16.03.2022-ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ് എം.എൽ.എ.ക്ക് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് ലഭ്യമാക്കുമെന്നറിയിക്കാമോ; | (എ) | നിയമസഭാമന്ദിരത്തിലെ 610-ാം നമ്പർ കോൺഫറൻസ് ഹാളിൽ തിരൂരങ്ങാടി മണ്ഡലം എം.എൽ.എ. യുടെ സാന്നിധ്യത്തിൽ 17.3.2022 ന് കൂടിയ യോഗത്തിലാണ് മണ്ഡലത്തിലെ കോട്ടക്കൽ ഗവ. വനിതാ പോളിടെക്നിക് കോളേജ് കെട്ടിട നിർമ്മാണം, പരപ്പനങ്ങാടി എൽ.ബി.എസ്.സെന്ററിന്റെ ഐ.ഐ.എസ്.റ്റി.ക്ക് സ്ഥലം ഏറ്റെടുക്കലും കെട്ടിട നിർമ്മാണവും, കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ മേഖലാ ശാസ്ത്ര കേന്ദ്രത്തിന്റെ നിർമാണം എന്നിവയുടെ പുരോഗതി അവലോകനം ചെയ്തത്. ഈ യോഗത്തിന്റെ മിനുട്സ് ബഹു. എം.എൽ.എയ്ക്ക് അയച്ചു നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത യോഗ തീരുമാന പ്രകാരം കോട്ടക്കൽ ഗവ. വനിതാ പോളിടെക്നിക് കോളേജ് കെട്ടിട നിർമ്മാണം, പരപ്പനങ്ങാടി എൽ.ബി.എസ്., ഐ.ഐ.എസ്.റ്റി. സ്ഥലം ഏറ്റെടുക്കലും കെട്ടിട നിർമ്മാണവും, പാലത്തിങ്ങൽ പ്ലാനറ്റോറിയം ആന്റ് സയൻസ് പാർക്ക് പൂർത്തീകരണം തുടങ്ങിയ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ഇനി പൂർത്തീകരിക്കാനുള്ളവ എന്തെല്ലാമാണെന്നും ഇവ എന്നേയ്ക്ക് പൂർത്തീകരിക്കാനാകും എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | കോട്ടയ്ക്കൽ സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജിൽ പുതിയ ഇലക്ട്രോണിക് & ഇൻസ്ട്രുമെന്റേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിനായി കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തികൊണ്ട് 3,19,00,000/- രൂപയുടെ പുതുക്കിയ ഭരണാനുമതിയുടെ ഉത്തരവ് നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കുവാൻ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.<br><br>എൽ.ബി.എസ്. സെന്ററിന്റെ ഐ.ഐ.എസ്.റ്റി.ക്ക് സ്ഥലം ഏറ്റെടുക്കുന്നതിനും കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിനുമായുള്ള ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പ് പരിശോധിച്ചു വരികയാണ്.<br><br>യോഗ തീരുമാനപ്രകാരം കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ മേഖലാ ശാസ്ത്ര കേന്ദ്രത്തിൽ |

| | | | |
|---|---|---|---|
| | | | ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് നിർവഹിച്ച പ്രവൃത്തികളുടെ അളവുകൾ നിജപ്പെടുത്തുന്നതിനായി കെല്ലിനോട് (M/s KEL) ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കെ.എസ്.എസ്.ടി.എമ്മിന്റെ പ്രൊപോസൽ പ്രകാരം ചുറ്റുമതിൽ, ഗേറ്റ്, ഫെൻസിങ് മുതലായവയുടെ നിർമ്മാണത്തിനായി 2022-2023 സാമ്പത്തിക വർഷം 150 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്. മുമ്പ് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് നിർവഹിച്ച പ്രവൃത്തികളുടെ അളവുകൾ നിജപ്പെടുത്തിയ ശേഷം പുതിയ പ്രവൃത്തികൾ ആരംഭിക്കും. |
| (സി) | ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വെച്ച കോട്ടക്കൽ ഗവ. വനിതാ പോളിടെക്നിക് കോളേജ് കെട്ടിട നിർമ്മാണം വർഷങ്ങളോളം വൈകിയതിനാൽ സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; പ്രസ്തുത നഷ്ടം നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (സി) | ഭരണാനുമതി അനുവദിച്ച അടങ്കൽ തുകയിൽ വ്യത്യാസം വന്നിട്ടില്ലാത്തതിനാൽ, സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല. |
| (ഡി) | പ്രസ്തുത പ്രവൃത്തി വൈകുന്നതിന് കാരണക്കാരായവർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | കോട്ടയ്ക്കൽ, സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജിൽ പുതിയ ഇലക്ട്രോണിക് & ഇൻസ്ട്രുമെന്റേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിലേക്കായി അഗ്നി സുരക്ഷാ സംവിധാനം, അംഗപരിമിതർക്കുള്ള റാമ്പ് എന്നിവ ഉൾപ്പെടുത്തി 4202-02-104-99 എന്ന ശീർഷകത്തിൽ 3,19,00,000/ രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ടും കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ) - നെ ഏൽപ്പിച്ചുകൊണ്ടും ഉത്തരവ് നല്കിയിട്ടുണ്ടായിരുന്നു. എന്നാൽ പ്രസ്തുത ശീർഷകം കൈകാര്യം ചെയ്യുന്നത് പൊതു മരാമത്ത് വകുപ്പായതിനാൽ കെൽ-നു (KEL) ടി ശീർഷകത്തിൽ നിന്നും തുക കൈമാറാൻ സാധിക്കാതെ വന്നതിനാലാണ് നിർമ്മാണ പ്രവൃത്തിക്ക് കാലതാമസം നേരിട്ടത്. അതിനു പരിഹാരമായി പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ധ്രുതഗതിയിൽ പൂർത്തിയാക്കുന്നതിനായി പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടു വിച്ചിട്ടുണ്ട്.<br><br>ഈ വസ്തുതകൊണ്ടുതന്നെ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും മനഃപൂർവമായ വീഴ്ച ഉണ്ടായിട്ടില്ലാത്തതിനാൽ നടപടി ആവശ്യമായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ